Item Code: 639 Participant Code: 122

# ഓർമ്മകൾ തൻ നൊമ്പര വഴികൾ.

കൂരിരുൾ നിറയുന്ന നേരത്തു ഞാനെന്റെ
പൊന്നോമനയ്ക്കു ജന്മമേകി.
ആശുപത്രിപ്പടിയിറങ്ങി ഞാൻ പുതുസ്വപ്നം,
കൈയിലേന്തി ഗൃഹപ്പടികളേറി.

എൻ സാരിത്തുമ്പിൽ തൊട്ടുപിണങ്ങൊരു
പട്ടത്തെപ്പോൽ അവൻ വാനിലേറി
വീടിൻ വഴിയോരത്തെത്തുന്ന തെന്നലിൽ
പാറിപ്പറന്നവൻ ഉല്ലസിച്ചു.

വീടിൻ അതിർവരമ്പൊന്നു കടന്നവൻ
എങ്ങും അകലേക്കു പോവുകില്ല,
വീടിൻ വഴിയിലെ അക്കണത്തൈമാവും
തെന്നലിൻ ഗാനവും സ്വന്തമാക്കി.

മൂവാണ്ടൻ കല്ലേറുകൊണ്ടൊന്നു നൊന്താലും
മധുവൂറും മാമ്പഴമവനായ് ഏകും

നന്ദിനിപ്പശുവിന്റെ ദുഗ്ധം ചുരത്തുവാനെന്നും......
ഉഷസ്സിനായ് കാത്തിരിക്കും.

പ്ലാവിലൂഞ്ഞാലാടി വീണപ്പോഴവനുടെ
ആനനം ഇരു നിറകുടങ്ങളേന്തി
വീട്ടിലേക്കുള്ള വഴികടന്നവനിങ്ങ് ഓടിവന്നു
പരിഭവം പറയാൻ.

പള്ളിക്കൂടത്തിലെ ചൂരൽപ്പഴത്തിന്റെ
സ്വാദറിഞ്ഞവൻ വീട്ടിലേക്കോടും വഴി,
കൈയിലെ നീറ്റലകറ്റുവാൻ അനുരാഗമാം
മയിൽപ്പീലി ഒരുവൾ ഏകി.

ഇരുഹൃദയങ്ങളും തമ്മിൽകൈമാറി, അനുരാഗം
പങ്കിടും നാളുകളിൽ
ഈ തായയേയും, രസിച്ചു നടന്ന വീടിൻ-
വഴിയേയും അവൻ മറന്നു.

വലിയൊരുദ്യോഗസ്ഥനായി ദുബായിയിൽ

പത്നിയോടൊത്തു കഴിയുന്നവൻ
ഈ വീടിൻ വഴിയൊന്നു തിരിച്ചുനടന്നില്ല
വന്നവഴിയവൻ മറന്നുകാണും.

നാളുകളേറെ കഴിഞ്ഞാമകൻ വന്നു
വാരിപ്പുണരാനന്നമ്മയില്ല.
വീട്ടിലേക്കുള്ള വഴിയിലെ ഓർമ്മകൾ
വാരിപ്പുണർന്നമ്മ യാത്രയായി.